പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5220 24.10.2011- ലെ മറുപടി

## മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി യാത്രാ സൗജന്യം

ചോദ്യം ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം എത്ര കിലോമീറ്റർ ദൂരമാണ്; | (എ) | അപേക്ഷകന്റെ താമസ സ്ഥലത്തുനിന്നും 40 കി.മീറ്റർ വരെ, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും, അവരെ അനുഗമിക്കുന്ന ഒരാൾക്കും യാത്രാ സൗജന്യം കെ.എസ്.ആർ.ടി.സി അനുവദിച്ചുവരുന്നു. |
| (ബി) | ജില്ലാ തലത്തിൽ യാത്ര ചെയ്യാൻപോലും പ്രസ്തുത ആനുകൂല്യം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ദൈനംദിന യാത്രയ്ക്ക് ഈ ദൂരപരിധി പര്യാപ്തമാണെന്ന് കരുതുന്നു. |
| (സി) | എങ്കിൽ ദൂരപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ദൂരപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |
| (ഡി) | എങ്കിൽ കെ.എസ്.ആർ.ടി.സി. നടത്തുന്ന എല്ലാ സംസ്ഥാന - അന്തർ സംസ്ഥാന സർവ്വീസുകളിലും ഇവർക്ക് യാത്രാ സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | എല്ലാത്തരം ബസ്സുകളിലും സൗജന്യ യാത്രാ പാസ് ഉപയോഗിച്ചുള്ള യാത്ര അനുവദിച്ചിട്ടില്ല. പരിമിതമായ അന്തർ സംസ്ഥാന സർവ്വീസുകൾ മാത്രമേ കെ.എസ്.ആർ.ടി.സി നടത്തുന്നുള്ളു. എണ്ണത്തിൽ കൂടുതലുള്ള ഓർഡിനറി, സിറ്റി ഓർഡിനറി, സിറ്റി ഫാസ്റ്റ് എന്നീതരം ബസ്സുകളിൽ മാനസിക വൈകല്യമുള്ളവർക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. ഒരു യാത്രക്ക് (single journey) പരമാവധി 40 കി.മീറ്റർ ദൂരം വരെ സൗജന്യം അനുവദിക്കുന്നതിനാൽ ദൈനംദിന |

| | | | |
|---|---|---|---|
| | | | യാത്രക്ക് ഇപ്പോൾ സൗജന്യ യാത്ര അനുവദിച്ചിട്ടുള്ള ബസ്സുകൾ യാത്രയ്ക്ക് പര്യാപ്തമാണെന്ന് കരുതുന്നു. കൂടാതെ ഇതുമൂലമുണ്ടാകുന്ന അധികബാദ്ധ്യത വർദ്ധിക്കുമെന്നതും എല്ലാ സംസ്ഥാന സർവ്വീസുകളിലും യാത്രാ സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ തടസ്സമായി നിൽക്കുന്നു. |

സെക്ഷൻ ഓഫീസർ